# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 243      06.01.2014-ൽ മറുപടിയ്ക്ക്

**<u>സോളാർ തട്ടിപ്പ് കേസിലെ പ്രതികളുടെ കസ്റ്റഡിയിലെടുത്ത ഫോണുകളുടെ പരിശോധന</u>**

| ചോദ്യം<br>ശ്രീ.പി. ശ്രീരാമകൃഷ്ണൻ | ഉത്തരം<br>ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
|---|---|
| (എ) സോളാർ തട്ടിപ്പ് കേസ്സിലെ പ്രതികളായ ശ്രീമതി.സരിത എസ്. നായർ, ശ്രീ.ബിജുരാധാകൃഷ്ണൻ, ശ്രീമതി.ശാലു മേനോൻ, ശ്രീ.ഫിറോസ്, ശ്രീ.ജോപ്പൻ എന്നിവർ തട്ടിപ്പ് കാലയളവിൽ ഉപയോഗിച്ച ഫോണുകളുടെ വിശദാംശങ്ങൾ അന്വേഷണസംഘം ശേഖരിക്കുകയുണ്ടായോ;<br><br>(ബി) എങ്കിൽ ശേഖരിക്കപ്പെട്ടവയിൽ ഏതെങ്കിലും പിന്നീട് പോലീസ് കസ്റ്റഡിയിലിരിക്കേ നഷ്ടപ്പെട്ട് പോയിട്ടുണ്ടോ;എങ്കിൽ, വിശദമാക്കുമോ; | (എ) & (ബി) കേസ്സന്വേഷണത്തിന്റെ ഭാഗമായി ആവശ്യമുള്ള ഫോൺകോളുകളുടെ വിവരങ്ങൾ പരിശോധിച്ചിട്ടുണ്ട്. പ്രത്യേക അന്വേഷണ സംഘം ശേഖരിച്ച വിവരം നഷ്ടപ്പെട്ടിട്ടില്ല. അവ കോടതികളിൽ സമർപ്പിച്ചിട്ടുണ്ട്. |
| (സി) തട്ടിപ്പ് സംഘം തട്ടിപ്പ് നടത്തുന്നതിനായി ഔദ്യോഗിക സ്ഥാനത്തിലിരിക്കുന്ന ആരെയെല്ലാം ഏതെല്ലാം നിലയിൽ ഉപയോഗിച്ചിട്ടുണ്ടെന്നും ഔദ്യോഗിക സ്ഥാനത്തിലുള്ള ആരെല്ലാം ഏതെല്ലാം നിലയിൽ തട്ടിപ്പ് സംഘത്തെ സഹായിച്ചിട്ടുണ്ടെന്നും അന്വേഷണ സംഘം വിലയിരുത്തുകയുണ്ടായോ; വിശദമാക്കുമോ? | (സി) കുറ്റകൃത്യവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളെക്കുറിച്ചും വിശദമായ അന്വേഷണവും, വിലയിരുത്തലുകളും നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ